നമ്പർ. സി.1/ജി3/1277/റ്റി.സി/2006

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തിയതി: 05.02.2011

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
സബ്ബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലെ
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

സർ,

സ്പീഡ് പോസ്റ്റ് വഴി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ,ഡ്രൈവിംഗ് ലൈസൻസുകൾ മുതലായവ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന പല പരാതികളും വരുന്നുണ്ട്. ഇതിൽ ഒരു കാലതാമസത്തിന് കാരണം അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നും ഇവ അയക്കുന്നതിനുള്ള കാലതാമസമാണ്. എല്ലാ നടപടികളും കഴിഞ്ഞ ശേഷവും തപാലുകൾ അയയ്ക്കുന്ന പ്യൂണുമാർ, അറ്റൻഡർമാർ തുടങ്ങിയവരുടെ കാലതാമസം കൊണ്ട് ഇത് വളരെ വൈകുന്നതായ പരാതിയുണ്ട്. ആയതിനാൽ ഓരോ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറും ഓരോ ആഴ്ചയിലും നടപടിക്രമങ്ങൾ പൂർത്തിയായി കഴിഞ്ഞ ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മുതലായവ ഉറപ്പായും തപാൽ വകുപ്പിൽ രേഖാമൂലം എത്തിച്ചതായി ഉറപ്പാക്കേണ്ടതാണ്. എല്ലാ നടപടികളും കഴിഞ്ഞ രേഖകൾ അതാത് ഓഫീസുകളിൽ തന്നെ മാസങ്ങളോളം കെട്ടികിടക്കുന്ന അവസ്ഥ ഉണ്ടാകരുത്

വിശ്വസ്തതയോടെ,
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

പകർപ്പ്-

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

സി.എ. റ്റു. റ്റി.സി. സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ&സെക്രട്ടറി,എസ്.റ്റി.എ., സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ), അസി. സെക്രട്ടറി, എസ്. റ്റി. എ., അസി. ട്രാൻസ്പോർട്ട് കമ്മീഷണർ അഡ്മിനിസ്ട്രേറ്റീവ്ഓഫീസർ/ഫിനാൻസ് ഓഫീസർ/ലാ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്